بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 16.02.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട് തിരുനബി(സ)ന്റെ ജീവിതചരിത്രത്തിലെ ഭാഗങ്ങളും സ്വഹാബാക്കൾക്ക് നബി(സ)നോട് ഉണ്ടായിരുന്ന അനുരക്തിയുടെയും ബന്ധത്തെപ്പറ്റിയാണ് പറഞ്ഞുവന്നിരുന്നത് ഇതിൽ ഹദ്റത്ത് ഖാരിജ ബൻ സൈദ്(റ)ന്റെ ശഹാദത്തിന്റെ വിവരണവും കാണപ്പെടുന്നുണ്ട്. ഹദ്റത്ത് ഖാരിജ(റ)ന് 13 ൽ അധികം മുറിവുകൾ പറ്റിയിരുന്നു. അവസാനം അദ്ദേഹത്തെ സഫ്വാൻ ബിൻ ഉമയ്യ ശഹീദാക്കുകയും മൃതദേഹം വികൃതമാക്കപ്പെടുകയും ചെയ്തിരുന്നു.

നിവേദനത്തിൽ പറയുന്നു: ഉഹുദ് ദിവസം ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ(റ) ഉറക്കെ പറയുന്നുണ്ടായിരുന്നു: അല്ലയോ മുസ്‌ലിം സമൂഹമേ, അല്ലാഹുവിനോടും നിങ്ങളുടെ നബിയോടും ചേർന്നിരിക്കുവിൻ. നിങ്ങൾക്ക് ഉണ്ടായ പ്രയാസം നിങ്ങളുടെ നബിയെ ധിക്കരിച്ചതുകൊണ്ടാണ് സംഭവിച്ചത്. അവൻ നിങ്ങൾക്ക് സഹായ വാഗ്ദാനം നൽകിക്കൊണ്ടിരുന്നു. പക്ഷെ നിങ്ങൾ ക്ഷമ കാണിച്ചില്ല. തുടർന്ന് ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ തന്റെ പടച്ചട്ടയും പടത്തൊപ്പിയും അഴിച്ചുമാറ്റി. ഹദ്റത്ത് ഖാരിജ ബൻ സൈദിനോട് ചോദിച്ചു: നിങ്ങൾക്ക് ഇതിന്റെ ആവശ്യമുണ്ടോ ? ഖാരിജ പറഞ്ഞു: ഇല്ല. നിങ്ങൾ ആഗ്രഹിക്കുന്ന കാര്യം തന്നെയാണ് ഞാനും ആഗ്രഹിക്കുന്നത്. അതായത് ശഹാദത്ത്. അങ്ങനെ അവർ ശത്രുക്കളുമായി ഏറ്റുമുട്ടി. അബ്ബാസ് ബിൻ ഉബാദ(റ) ഇങ്ങനെ പറയുമായിരുന്നു. നമ്മൾ കണ്ടുകൊണ്ടിരിക്കെ നബി(സ)യ്ക്ക് വല്ല പ്രയാസവും ഉണ്ടായാൽ നമുക്ക് നമ്മുടെ റബ്ബിന് മുന്നിൽ എന്ത് ഒഴികഴിവാണ് ഉണ്ടാകുക.

ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ(റ)യെ സുഫ്യാൻ ബിൻ അബ്ദുശ്ശംസ് സലമിയാണ് ശഹീദാക്കിയത്. ഖാരിജ ബിൻ സൈദ്(റ)ന് അമ്പുകൾ കൊണ്ടതു കാരണം 10 ൽ അധികം മുറിവുകൾ പറ്റിയിരുന്നു.

ഇനി ഹദ്റത്ത് ഹമാസ് ബിൻ ഉസ്മാൻ(റ)ന്റെ ശഹാദത്ത് വിവരണമാണ്. ഹദ്റത്ത് ഹമാസ് ബിൻ ഉസ്മാൻ ബദ്ർ ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. നബി(സ) പറയുന്നു: ഞാൻ ശമാസ് ബിൻ ഉസ്മാനെ പരിചയെപ്പോലെയാണ് കണ്ടത്. അദ്ദേഹം ഉഹദ് യുദ്ധത്തിൽ ധീരതയോടെ പൊരുതി 34 ാം മത്തെ വയസ്സിൽ ശഹീദായി. ഹദ്റത്ത് ശമാസ് ബിൻ ഉസ്മാനെപ്പറ്റിയുള്ള ചരിത്രം അദ്ദേഹത്തിന് നബി(സ) യോടുണ്ടായിരുന്ന സ്നേഹത്തിന്റെയും ഇസ്‌ലാമിന് വേണ്ടി ത്യാഗം ചെയ്യുന്നതിന്റെയും ഒരു ഉദാത്തമായ മാതൃകയാകുന്നു.

ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ത്വൽഹ(റ)ന്റെ സനേഹാതിരേകത്തിന്റെ ചരിത്രം കാണപ്പെടുന്നു. നബി(സ)ന് അമ്പേൽക്കാതിരിക്കാൻ അദ്ദേഹം തന്റെ കൈ നബി(സ)ന്റെ പരിശുദ്ധ മുഖത്തിന് മുന്നിൽ പിടിക്കുകയുണ്ടായി. അവിടെ ഹദ്റത്ത് ശമാസിന്റെ മഹത്തായ ത്യാഗവും കാണപ്പെടുന്നുണ്ട്. ഹദ്റത്ത് ശമാസ് നബി(സ)ന്റെ മുന്നിൽ നിലയുറപ്പിച്ച് ഓരോ ആക്രമത്തേയും സ്വയം ഏറ്റുവാങ്ങി.

ഹദ്റത്ത് നുഅ്മാൻ മാലിക്(റ)ന്റെ ശഹാദത്ത് സംബന്ധിച്ച വിവരണമാണ് ഇനി. ഹദ്റത്ത് നുഅ്മാന് ബിൻ മാലിക് ബദർ ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഉഹുദ് യുദ്ധത്തിൽ ശഹീദാകുകയുമുണ്ടായി. അദ്ദേഹത്തെ സഫ്വാൻ ബിൻ ഉമ്മയ്യയാണ് ശഹീദാക്കിയത്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്(റ)നെ അബാൻ ബിൻ സഈദാണ് ശഹീദാക്കിയത്.

ഒരു കുടുംബത്തിലെ 4 അംഗങ്ങളുടെ ശഹാദത്തിനെപറ്റിയും പരാമർശം കാണപ്പെടുന്നുണ്ട്. സാബിത് ബിൻ വഖ്ശ്, സഹോദരൻ റിഫാഅ്ബിൻ വഖ്ശ്, ഉഹദ് ദിവസം ശഹീദാക്കപ്പെടുകയുണ്ടായി.

അവരോടൊപ്പം സാബിത് ബിൻ വഖ്ശിന്റെ രണ്ട് മക്കൾ സൽമാ ബിൻ സാബിതും അംറ്ബിൻ സാബിതും ശഹീദാക്കപ്പെട്ടിരുന്നു. ഇവർ എല്ലാം അൻസ്വാറിലെ ബനൂ അബ്ദുൽ അശ്അൽ ഗോത്രത്തിൽ പെട്ടവരായിരുന്നു. റിഫാഅ്ബിൻ വഖ്ശ് വൃദ്ധനായ വ്യക്തിയായിരുന്നു. റിഫാഅ്നെ ഖാലിദ് ബിൻ വലീദ് ശഹീദാക്കി.

അംറ്ബിൻ സാബിത് ഉഹുദ് യുദ്ധ ദിവസം ഫജ്ർ നമസ്കാരത്തിന് ശേഷമാണ് മുസ്‌ലിമായത്. അതേ ദിവസം മുസ്‌ലിംകളോടൊപ്പം പൊരുതുകയും അങ്ങനെ ശഹീദാകുകയും ചെയ്തു. അദ്ദേഹത്തെ പറ്റി നബി(സ) പറഞ്ഞു: അംറ്ബിൻ സാബിത് സ്വർഗസ്ഥനായ വ്യക്തിയാകുന്നു.

ഇനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെപ്പറ്റിയുള്ള പരാമർശമാണ്. ചരിത്രത്തിൽ പറയുന്നു. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം അദ്ദേഹത്തെ എല്ലാ ഭൗതിക കാര്യങ്ങളിൽനിന്നും അകറ്റി നിർത്തിയിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹം തന്റെ പ്രിയപ്പെട്ട ജീവൻ എങ്ങനെയെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കണം എന്നത് മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഈ ആഗ്രഹം പൂർത്തിയാകുകയും അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദാകുകയും ചെയ്തു. ശഹീദാകുന്നതിന്റെ ഒരു ദിവസം മുമ്പേ അദ്ദേഹം ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ നാളെ ഞാൻ ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ എന്നെ നേരിടുന്നത് യുദ്ധത്തിൽ ശക്തനായിരിക്കണം അയാളുടെ ഗാംഭീര്യം എന്നെ അതിജയിക്കണം. അങ്ങനെ അയാളോട് ഞാൻ നിനക്ക് വേണ്ടി പൊരുതുകയും അയാൾ എന്നോട് യുദ്ധം ചെയ്യുകയും അയാൾ എന്നെ അതിജയിച്ച് എന്നെ വധിക്കുകയും കാതും മൂക്കും എല്ലാം ഛേദിക്കുകയും വേണം. അങ്ങനെ ഞാൻ നിന്റെ സവിധത്തിൽ എത്തുമ്പോൾ നീ എന്നോട് ചോദിക്കണം അബ്ദുല്ലാഹ് എന്തുകാരണമാണ് നിന്റെ കാതും മൂക്കും എല്ലാം ഛേദിക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ ഞാൻ പറയും. അല്ലാഹുവേ നിന്റെയും നിന്റെ റസൂലിന്റെയും മാർഗത്തിൽ. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനേയും ഹദ്റത്ത് ഹംസ ബിൻ അബ്ദുൽ മുത്തലിബിനേയും ഒരേ ഖബറിലാണ് അടക്കം ചെയ്തത്. ശഹാദത്ത് വേളയിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ മാതുലനായിരുന്ന ഹദ്റത്ത് ഹംസയുടെ പ്രായം 40ൽ കൂടുതലായിരുന്നു.

ഹദ്റത്ത് അബൂ സഅദ് ഖയ്സമ ബിൻ ഖയ്സമയുടെ ശഹാദത്ത് വിവരണം. ഖയ്സമ ഉഹുദ് ദിവസം പറഞ്ഞു: യാ റസൂലുല്ലാഹ്(സ) എനിക്ക് ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ അതിൽ പങ്കെടുക്കാൻ കൊതിച്ചിരുന്നു. അങ്ങനെ ബദറിൽ പോകുന്നതിനുവേണ്ടി നറുക്കിട്ടപ്പോൾ എന്റെ മകൻ സഅദ് ബിൻ ഖയ്സമയുടെ നറുക്കാണ് വന്നത്. അദ്ദേഹം ബദറിൽ ശഹാദത്ത് വരിച്ചു. കഴിഞ്ഞ രാത്രി ഞാനൊരു സ്വപ്നത്തിൽ കാണുകയുണ്ടായി; അവൻ സ്വർഗത്തിലെ ആരാമങ്ങളിലും അരുവികളിലും ചുറ്റിനടന്നുകൊണ്ട് എന്നോട് പറയുന്നു: താങ്കളും ഞങ്ങളുടെ അടുക്കലേക്ക് വരൂ. നമുക്ക് സ്വർഗത്തിൽ ഒരുമിച്ചു കഴിയാം. ഞാൻ എന്റെ നാഥന്റെ വാഗ്ദാനത്തെ സത്യമാണെന്ന് കണ്ടിരിക്കുന്നു. അല്ലാഹുവാണെ ഞാൻ സ്വർഗത്തിൽ അവന്റെ സാമീപ്യം ആഗ്രഹിക്കുന്നു. എനിക്ക് ശഹാദത്ത് ലഭിക്കാനും സ്വർഗത്തിൽ അവന്റെ സാമീപ്യം കിട്ടാനും എനിക്ക്വേണ്ടി ദുആ ചെയ്താലും. അങ്ങനെ നബി(സ) അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യുകയും അദ്ദേഹം ഉഹുദിൽ ശഹീദാകുകയും ചെയ്തു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ ശഹാദത്ത് വിവരണം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംർ തന്റെ മകൻ ജാബിറിനെ വിളിച്ചുവരുത്തി അദ്ദേഹത്തോട് പറഞ്ഞു. ഞാൻ പ്രഥമ ശുഹദാക്കളിൽപെടുമെന്നാണ് കരുതുന്നത്. എനിക്ക് അൽപം കടബാധ്യതയുണ്ട്. അത് എനിക്ക് വേണ്ടി നീ തീർക്കണം. നിന്റെ സഹോദരിമാരോട് നല്ല രീതിയിൽ പെരുമാറുക. ഹദ്റത്ത് ജാബിർ പറയുന്നു. അടുത്ത ദിവസം രാവിലെ എന്റെ പിതാവാണ് ഏറ്റവും ആദ്യം ശഹീദായത്. ശത്രുക്കൾ അദ്ദേഹത്തിന്റെ മൂക്കും കാതുകളും ഛേദിച്ചു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് പറയുന്നു: റസൂലുല്ലാഹ്(സ) ഉഹുദിലെ ശുഹദാക്കളെ മറവടക്കാൻ വേണ്ടി വന്നപ്പോൾ പറഞ്ഞു: അവരെ അവരുടെ മുറിവോടുകൂടി തന്നെ കഫം ചെയ്യുക. കാരണം ഞാൻ അവർക്കുമേൽ സാക്ഷിയാകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ പരിക്ക് പറ്റുകയും പിന്നെ ഖിയാമത്ത് ദിവസം രക്തമൊലിക്കുന്ന അവസ്ഥയിലും ഒരു മുസ്‌ലിമും വരുന്നതല്ല. അവരുടെ നിറം കുങ്കുമ നിറവും മണം കസ്തൂരിയുടേതുമായിരിക്കും. അതായത് അവർ പ്രീതജനങ്ങളാകുന്നു.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു. ഉഹുദ് യുദ്ധ ദിവസം എന്റെ പിതാവിനെ കൊണ്ടുവന്നപ്പോൾ എന്റെ മാതൃസഹോദരി കരയാൻ തുടങ്ങി. അപ്പോൾ ഞാനും കരയാൻ തുടങ്ങി. ആളുകൾ എന്നെ വിലക്കിയെങ്കിലും നബി(സ) എന്നെ വിലക്കുകയുണ്ടായില്ല. തുടർന്ന് നബി(സ) പറഞ്ഞു: നിങ്ങൾ അദ്ദേഹത്തിന് വേണ്ടി കരഞ്ഞാലും ഇല്ലെങ്കിലും ഒന്നും സംഭവിക്കാനില്ല.

അല്ലാഹുവാണെ നിങ്ങൾ അദ്ദേഹത്തെ ഖബർ അടക്കം ചെയ്യുന്നതുവരെയും മലക്കുകൾ തുടർച്ച യായി തങ്ങളുടെ ചിറകുകളുമായി അദ്ദേഹത്തിന് മീതെ തണൽ വിരിക്കുന്നുണ്ടായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: അല്ലാഹു പറയുന്നു: ശഹീദാകുന്ന മുസ്‌ലിം കളെ നിങ്ങൾ മൃതർ എന്ന് പറയരുത് അവർ അല്ലാഹുവിന്റെ ജീവൽ ശിപായിമാരാകുന്നു. അല്ലാഹു അവർക്ക് തീർച്ചയായും പ്രതിഫലം നൽകുന്നതാണ്.

ഉഹദ് യുദ്ധത്തിനുശേഷം നബി(സ) ക്ഷീണം കാരണം ഇരുന്നിട്ടാണ് നമസ്കരിച്ചത്. സ്വഹാബാക്കളും നബി(സ)ന്റെ പിന്നിൽ ഇരുന്നുകൊണ്ടാണ് നമസ്കരിച്ചത്.

ഉഹുദിലെ ശുഹദാക്കളുടെ എണ്ണത്തെപ്പറ്റിയും പരാമർശമുണ്ട്. ഉഹുദ് യുദ്ധത്തിലെ മുസ്‌ലിം ശുഹ ദാക്കളുടെ എണ്ണത്തെപ്പറ്റി ഭൂരിഭാഗം പണ്ഢിതന്മാരും പറയുന്നത് 70 ആയിരുന്നുവെന്നാണ്. മറ്റു നിവേദനത്തിൽ ഉഹുദിലെ ശുഹദാക്കളുടെ എണ്ണം 80 ആയിരുന്നുവെന്നും 96 ആണെന്നും കൂടാതെ 49 മുതൽ 108 വരെയാണെന്നും ഒക്കെ പറയുന്നുണ്ട്.

ഉഹദ് യുദ്ധത്തിലെ ശുഹദാക്കളുടെ ജനാസ നമസ്കാരത്തെയും ഖബറടക്കിയതിനേയും പറ്റി പരാമർശം വരുന്നുണ്ട്. അവരുടെ ജനാസ ആ സമയത്ത് നമസ്കരിപ്പിച്ചിരുന്നില്ല പിന്നീടാണ് നമസ്കരിച്ചത്. ഹദ്റത്ത് ഇമാം ശാഫി പറയുന്നു: തുടർച്ചയായ നിവേദനങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമായി മനസ്സിലാകുന്നതെന്തെന്നാൽ നബി(സ) ഉഹുദ് യുദ്ധത്തിലെ ശുഹദാക്കളുടെ ജനാസ നമസ്കരിക്കുകയുണ്ടായില്ല. നബി(സ) ഈ ശുഹദാക്കളുടെ ജനാസ നമസ്കരിച്ചുവെന്നും ഹദ്റത്ത ഹംസയുടെ ജനാസക്ക് 70 തക്ബീറുകൾ ചൊല്ലിയെന്നും പറയുന്ന നിവേദനങ്ങൾ ശരിയല്ല. നബി(സ) 8 വർഷങ്ങൾക്ക് ശേഷം അവരുടെ ജനാസ നമസ്കരിക്കുകയുണ്ടായി. ഈ നിവേദനത്തിൽ 8 വർഷത്തിനു ശേഷമാണ് ഈ സംഭവം എന്ന് പറയുന്നുണ്ട്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: ലോകത്തിന്റെ അവസ്ഥയെപ്പറ്റിയും കുറച്ച് കാര്യങ്ങൾ പറയാം. യുദ്ധത്തിന്റെ അഗ്നി ഇപ്പോൾ പരന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യകുലത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ ഒരുപാട് ദുആകൾ അനിവാര്യമാകുന്നു. അഹ്മദികൾക്ക് മാത്രമേ ശരിയാ രീതിയിൽ ദുആ ചെയ്തുകൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. ഇസ്രായീൽ സർക്കാർ തങ്ങളുടെ ദുശ്ശാഠ്യത്തിൽ ഉറച്ചു നിൽക്കുകയാണ്. ഓരോ കാര്യത്തിലും അവർ എന്തെങ്കിലും കാരണം കണ്ടെത്തി, ഇതു കാരണം കൊണ്ടാണ് ഞങ്ങൾ ഇങ്ങനെ ചെയ്തത് എന്ന് ഒഴികഴിവ് പറയുകയാണ്. ഒരു ബുദ്ധിപരമായ കാര്യത്തേയും അംഗീകരിക്കാൻ തയ്യാറല്ല. ലോകത്തിലെ മറ്റ് ശക്തരായ ഭരണകൂടങ്ങൾക്ക് തങ്ങളുടെ ഇഷ്ടം പോലെയാണ് അല്ലെങ്കിൽ അവർക്കും ഇസ്രായീലിനെ ഭയമാണ്. ഇസ്റാഈൽ പ്രധാനമന്ത്രിയോ സർക്കാറോ നൽകുന്ന പ്രസ്ഥാവനക്ക് അനുസൃതമായിട്ടാണ് ഇവർ പ്രസ്താവന ഇറക്കുന്നത്. യുദ്ധം അവസാനിപ്പിക്കണമെന്നും അക്രമം നിർത്തണമെന്നും പറയും. എന്നാൽ പിന്നീട് അവരുടെ പ്രസ്താവന വരുമ്പോൾ അവരുടെ കൂടെ ചേരുകയും ചെയ്യുന്നു. അല്ലാഹു മുസ്‌ലിംകൾക്ക്മേൽ കരുണ ചൊരിയുമാറാകട്ടെ. അവരേയും അല്ലാഹുവിലേക്ക് കുനിയുന്നവരാക്കട്ടെ. ഈയൊരു മാർഗം മാത്രമേയുള്ളൂ; അവന്റെ അഭയത്തിൽ വന്നാൽ മാത്രമേ ഇവർക്ക് തങ്ങളുടെ ഇഹപരലോകങ്ങൾ നന്നാക്കാൻ കഴിയുകയുള്ളൂ. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. നമുക്കും ദുആ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. നമുക്ക്മേലും കരുണ ചൊരിയുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 16.02.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516